**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258** **01-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തി തലസ്ഥാന ജില്ലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള 78 കി.മീ. ഔട്ടർ റിംഗ് റോഡ് വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ ഡി.പി.ആർ.-ന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും വികസിപ്പിക്കുന്ന ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് സ.ഉ.(സാധാ)നം. 181/2019/പൊ.മ.വ പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി ദേശീയപാത അതോറിറ്റിയാണ് നടപ്പാക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ചെലവിന്റെ 50% തുക സംസ്ഥാന സർക്കാർ വഹിക്കണം. പദ്ധതിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കി വരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ അലൈൻമെന്റ് നിർണ്ണയം പൂർത്തിയാക്കി. ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും സ്ഥലമേറ്റെടുക്കലിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്നും എത്ര തുകയാണ് സംസ്ഥാനം ഇതിനായി നീക്കി വച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ഔട്ടർ റിംഗ് റോഡ് നിർമ്മാണം സംബന്ധിച്ച് ദേശീയപാത അതോറിറ്റി സമർപ്പിച്ച "Draft quadripartite" പ്രകാരം വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 45 മീറ്റർ വീതിയിൽ പ്രധാനപാത വികസിപ്പിക്കുന്നതിന് 371.43 ഹെക്ടർ സ്ഥലം ആവശ്യമായി വരും. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 4 എൽ.എ ഓഫീസുകൾ രൂപീകരിച്ചിട്ടുള്ളതും എൻ.എച്ച് ആക്റ്റ് സെക്ഷൻ 3എ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും സർവെയും അനുബന്ധ നടപടികളും നടന്നു വരുന്നതുമാണ്. 45 മീറ്ററിൽ ഭൂമി ഏറ്റെടുക്കാനാവശ്യമായ തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണം. മാത്രമല്ല പ്രധാന പാതയുടെ ഇരുവശവും സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിന് മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും. ഇതു കൂടാതെ നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ State GST/ അഗ്രഗേറ്റിന്മേലുള്ള Royalty എന്നിവ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കണമെന്നും അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 3984.86 കോടി രൂപ സംസ്ഥാനം വകയിരുത്തേണ്ടി വരും. കരാർ ഒപ്പിടുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | റോഡ് നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ദേശീയപാതാ വികസനത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 13709.94 കോടി രൂപയും ഈ സർക്കാരിന്റെ കാലത്ത് 9017.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ 25% സംസ്ഥാനസർക്കാർ വഹിക്കണമെന്ന കരാർ പ്രകാരം 5580,73,80,071/- രൂപ സംസ്ഥാനം ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ